# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4276** **13.12.2018-ൽ മറുപടിക്ക്**

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രസരണ നഷ്ടം കുറച്ച് വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നുണ്ടോ; | (എ) | വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുത പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുത പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം, പഴയവ മാറ്റി പുതിയവ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു.<br>കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി, കെ.എസ്.ഇ.ബി. ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. |
| (ബി) | ഇതുമൂലം പ്രസരണ നഷ്ടം എത്രമാത്രം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ? | (ബി) | വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി വൈദ്യുതി പ്രസരണ ശൃംഖലയിലെ പ്രസരണ നഷ്ടം 2016-17 ഏപ്രിലിലെ 4.56% എന്നതിൽ നിന്നും 2018-19 മേയിൽ 4.41 % ആയി കുറഞ്ഞിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ